## ഡിജിറ്റൽ മാഗസിൻ

# ക്ലിക്ക് ഓൺ




## ഗവ.വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ
## മാനന്തവാടി

# എഡിറ്റോറിയൽ ബോർഡ്

ജെറോം ജോയ്സ്



ഷിഫ ഫാത്തിമ

സഫ എം

നഹാന

അലീന തോമസ്

ആദിലക്ഷ്മി

ശിവനന്ദന

## ചിത്രങ്ങൾ

ദക്ഷദേവ്

ബാന

ദേവിക






## കടപ്പാട്

ശ്രീ.സുരേന്ദ്രൻ മാസ്റ്റർ

Little kites Master







ഉള്ളടക്കം


- പൊഴിയാത്ത സൂനങ്ങൾ......പേജ് 3
- മോഹങ്ങൾ (കവിത)........പേജ് 4
- ചിൽഡ്രൻ ഓഫ് ഹെവൻ (ആസ്വാദനക്കുറിപ്പ്)....പേജ് 5
- പ്രകൃതി (കവിത ).....പേജ് 8
- ചങ്ക് പിളർക്കുന്ന മുദ്രാവാക്യങ്ങൾ (കവിത).......പേജ് 9
- പ്രകൃതി ദുരന്തങ്ങൾ (ലേഖനം)...പേജ് 10
- കഥാസാരം(ചെറുകഥ )....പേജ് 11
- കവിത (സാങ്കേതികം)....പേജ് 12
- ജീവിതം പട്ടം പോലെ (കഥ ).....പേജ് 13
- കുട്ടിക്കവിതകൾ.......പേജ് 14
- നാൾവഴികളിലൂടെ .......പേജ്15
- എന്റെ നാട്(കവിത).......പേജ് 16
- അഭിമാനം.........പേജ് 17
- കോവിഡ് (കവിത)........പേജ് 18

## ശിഹാബുദ്ദീൻ

# പൊഴിയാത്ത സൂനങ്ങൾ

തയ്യാറാക്കിയത് മുഹമ്മദ്ഷാഹിൻ പി എസ്

കയ്യും കാലും ഇല്ലാതെ എങ്ങനെ ജീവിക്കാം എന്ന് സമൂഹത്തിന് കാണിച്ചുകൊടുക്കുന്ന മഹാ വ്യക്തിയാണ് ശിഹാബുദ്ദീൻ .എട്ടാം ക്ലാസ് മുതലാണ് സ്കൂൾ വിദ്യാഭ്യാസം തുടങ്ങുന്നതും സമൂഹത്തിലേക്ക് ഇറങ്ങി ചെല്ലാൻതുടങ്ങിയതും. പത്താം ക്ലാസ്സിൽ നല്ല മാർക്കോട് കൂടി വിജയിച്ചപ്പോഴാണ് ജീവിതത്തിനോടുള്ള ആഗ്രഹം കൂടിയത് .നല്ലൊരു ചിത്രകാരൻ കൂടിയായിരുന്നു ഇദ്ദേഹം. ഒരു വ്യക്തിയുടെ ചിത്രം വരച്ച് അദ്ദേഹത്തെ ഏൽപ്പിച്ചു .അത് പ്രശസ്ത സിനിമാതാരമായ മമ്മൂട്ടിയുടെ ചിത്രമായിരുന്നു അദ്ദേഹത്തിന് ആ സമ്മാനം കൊടുത്തപ്പോൾ വാരിപ്പുണർന്നുകൊണ്ട് അവനെ അഭിനന്ദിച്ചു. ഓരോരോ ചിത്രങ്ങൾ വരച്ച് അവരെ നേരിട്ട് കണ്ട് അഭിനന്ദനം ഏറ്റുവാങ്ങി. ജീവിതത്തിൻറെ ഓരോ ഘട്ടങ്ങളും ആസ്വദിച്ച് ജീവിക്കാൻ തുടങ്ങി. ജീവിച്ചിരിക്കുമ്പോൾ നന്നായി ആസ്വദിച്ച് ജീവിക്കുക എന്നതായിരുന്നു ഇദ്ദേഹത്തിൻറെ ലക്ഷ്യം. കുറെയധികം ടിവി റിയാലിറ്റി ഷോയിൽ സാധാരണ ആളുകളുടെ കൂടെ കളിച്ച് വിജയിച്ച വ്യക്തി കൂടെയാണ് ശിഹാബുദ്ദീൻ.25% മാത്രം മനുഷ്യനായുള്ള ഒരാൾ ജീവിതത്തിൽ എല്ലാം നേടിയെടുക്കുന്നുണ്ടെങ്കിൽ 100% തികഞ്ഞ ഒരു വ്യക്തിക്ക് ജീവിതത്തിൽ എല്ലാം നേടിയെടുക്കാൻ കഴിയും എന്ന ഒരു ചിന്തയാണ് എല്ലാവരിലേക്കും ആയി ശിഹാബുദ്ദീൻ കാണിച്ചുകൊടുക്കുന്നത്.

---




ജലച്ഛായം-ദക്ഷദേവ്





വൈഗ കെ എസ്



# മോഹങ്ങൾ



മഴയിൽ ലയിച്ച്
മഴത്തുള്ളിയോടമർന്ന്
മണ്ണിനോടലിയാൻ
എൻമോഹം

മഴയുടെ അനന്ത സംഗീതമായി
പുഴയുടെ ഓളമായി
കടലിൻറെ ഇരമ്പലായി
മാനത്തിന്റെകറുപ്പാകാൻ
എൻമോഹം

മോഹങ്ങളിൽ
ഒരു വേഴാമ്പലിനെ പോലെ
മന്ദമാരുതനേയും കാത്ത്
കാതോർത്തിരിക്കുന്നു ഞാൻ

മഴയുടെ ഇരമ്പലുകൾക്ക് കാതോർത്ത്
മിന്നലിന്റെ പ്രകാശമായി തീരാൻ
എന്നെന്നേക്കുമായി
അവൾ പറന്നകലുകയാണ്
മോഹങ്ങളെ അവളുടെതാക്കാൻ








ആസ്വാദനക്കുറിപ്പ്

ആദിലക്ഷ്മി 9എഫ്



# ചിൽഡ്രൻ ഓഫ് ഹെവൻ

പേർഷ്യൻ ഭാഷയിൽ ഇറങ്ങിയ "ചിൽഡ്രൻ ഓഫ് ഹെവൻ"എല്ലാവരുടെയും മനസ്സ് നിറയ്ക്കുന്ന ഒന്നാണ്. ടെഹ്‌റാനിലെ ഒരു സഹോദരന്റെയും സഹോദരിയുടെയും കഥ പറയുന്ന ഒരു സിനിമയാണ് ചിൽഡ്രൻ ഓഫ് ഹെവൻ. ഇറാനിയൻസംവിധായകനും നിർമ്മാതാവും തിരക്കഥാകൃത്തും ആയ മജീദ് മജീദി എഴുതി അദ്ദേഹം തന്നെ സംവിധാനം ചെയ്ത സിനിമയാണിത് .കേന്ദ്രകഥാപാത്രം 9 വയസ്സുള്ള സഹോദരൻ അലിയായി വേഷമിട്ട മിർ ഫറോക്ക് ഹഷെമിയൻ ആണ് .അദ്ദേഹം തന്റെ കാലുകൾ കൊണ്ട് സിനിമയെ നയിച്ചു .ഇളയ സഹോദരി സഹറ സ്ക്രീൻ സാന്നിധ്യത്തിൽ നിയന്ത്രിത പങ്കുവഹിച്ചു .മഹാരെയാണ് സഹോദരിയായി വേഷമിട്ടത് .







സഹോദരനും സഹോദരിയും തമ്മിലുള്ള ബന്ധം വളരെ ആഴമുള്ളതും സന്തോഷപ്രദവുമാണ്. നിർഭാഗ്യങ്ങൾക്കിടയിലും കഥാഗതി ലളിതമായാണ് തോന്നുന്നത്.ഒരു സ്‌ടീമിംഗ് ഘട്ടങ്ങളിലൂടെ പിന്തുടരുന്നത് തീവ്രമായ നാടകീയ എപ്പിസോഡിലേക്ക് മാറ്റാൻ ഈ സിനിമയുടെ സംവിധായകന് കഴിയും. കഥയിൽ ഒരു തോമസ് ഹാർഡി നോവലിനോട് ഉപമിച്ചിരിക്കുന്ന ഘടനയുണ്ട് .ദാരിദ്ര്യം ആണ് പശ്ചാത്തലമാക്കിയിരിക്കുന്നത്. കഥയിലാകെ സംഭവങ്ങളുടെ വഴിത്തിരിവ് .എന്നിട്ടുംകഥയുടെ ലളിതമായ പോക്ക് , അവൻ സ്ക്രീനിൽ എല്ലാം പറയേണ്ടതില്ല. ചെറിയ സൂക്ഷ്മതയും നിരീക്ഷണങ്ങളും മതി അത് മനസ്സിലാക്കാൻ.

മുതിർന്നവരോട് മര്യാദയും ബഹുമാനവും പുലർത്തുന്ന .അവരുടെ ദൈനംദിന പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നത് ഉത്തരവാദിത്വവും കരുതലും ഉള്ള,

നിരാശകൾക്കിടയിലും അത്തരം ശാന്തമായ മനോവീര്യം അവരുടെ സാഹചര്യങ്ങളോട് കൂടിയുള്ള അവരുടെ പെരുമാറ്റം,ഇവയിലൂടെയൊക്കെ സന്തോഷം കണ്ടെത്താൻ ചെറിയ കാര്യങ്ങളിലും അവർ അവിടെയും ഇവിടെയും ഒക്കെ സന്തോഷം കൊണ്ടുള്ള പുഞ്ചിരി തൂകുന്നു. ഉദാഹരണമായി ആ സിനിമയിൽ അവർ അപ്രതീക്ഷിതമായി സോപ്പു കുമിളകൾ ആസ്വദിക്കുമ്പോൾ അല്ലെങ്കിൽ ചെറിയ ടോക്കണുകൾ നൽകി സഹോദരിയെ പ്രോത്സാഹിപ്പിക്കുമ്പോൾ ഇതൊരു കുടുംബ മൂല്യമുള്ള സിനിമയ്ക്ക് ഉദാഹരണമാണ് കുട്ടികളുടെ വികാരങ്ങൾ ഈ സിനിമയിൽ പ്രയോജനപ്പെടുത്തിയിട്ടില്ല എന്നിട്ടും മുതിർന്നവർ വിട്ടുകൊടുത്തിട്ടുമില്ല. വളർന്നുവന്ന ബന്ധങ്ങളുടെ സ്പർശനങ്ങളാണ് മാതാപിതാക്കൾ. അടുത്ത വീട്ടിലെ പ്രായമായ ദമ്പതികൾ കടയുടമകൾ എല്ലാം ഈ ലോകത്തെ വളരെ യാഥാർത്ഥ്യമാക്കി.




ക്യാമറ വർക്ക് അതിനൊപ്പം ഉള്ള സംഗീതം കലർന്ന വ്യത്യസ്ത ടോണുകളിൽ ഉള്ള ഉപകരണങ്ങൾ പ്രയോഗിച്ച് നന്നായി രൂപകൽപ്പന ചെയ്തു .അത് ഈ സിനിമയെ വേറെ ഏതൊരു സിനിമയിൽ നിന്നും മുന്നോട്ടു മാറ്റി നിർത്തുന്നു




നഷ്ടപ്പെട്ടുപോയ സ്വന്തം ചെരിപ്പുകളെ സഹറ ആദരപൂർവ്വം പരിഗണിക്കുന്ന ഹൃദയഭേദകമായ ഒരു രംഗമുണ്ട്. ഈ സാഹചര്യം ഗോഡ്‌സില്ലയെക്കുറിച്ചോ മറ്റുള്ള നിർമ്മിത വിനോദങ്ങളെ കുറിച്ചോ ഉള്ള സിനിമയേക്കാൾ ഭയാനകവും കുട്ടികളെ ഉൾക്കൊള്ളുന്നതും ആണെന്ന് നമുക്ക് മനസ്സിലാക്കാം




പഴയ പട്ടണത്തിലെ ഏതാണ്ട് മധ്യകാല തെരുവുകളിൽ നിന്നും ഇടവഴിയിൽ നിന്നും സമ്പന്നർ താമസിക്കുന്ന ഉയർന്ന



DECEMBER 2023 dakshdev __scape_sketcher__

കെട്ടിടങ്ങളിലേക്കുംആഡംബരങ്ങളിലേക്കും അലിയും പിതാവും സൈക്കിൾ ചവിട്ടുന്ന അതിമനോഹരമായ രംഗമാണ് ഈ സിനിമയിൽ ഉള്ളത്. പിതാവ് ഒരു തോട്ടക്കാരനായി ജോലി പ്രതീക്ഷിക്കുന്നു എന്നാൽ സമ്പന്നരുടെ ഗേറ്റിലെ ഇൻറർ കോമുകളിൽ സംസാരിക്കാനുള്ള വെല്ലുവിളി അവനെ ഭയപ്പെടുത്തുന്നു. തോട്ടത്തിലെ എല്ലാ പണികളും ചെയ്യുമെന്ന് വാഗ്ദാനവുമായി അദ്ദേഹത്തിൻറെ മകൻ കുതിക്കുന്നു .അതൊരു വലിയ വിജയമാണ്. തുടർന്ന് പാർട്ടിയിലെ ക്വാർട്ടറിലെ പാവപ്പെട്ട കുട്ടികൾക്കായി ഒരു കാൽനടയാത്രയുണ്ട്


വിജയിക്ക് രണ്ടാഴ്ചത്തെ സമ്മർ ക്യാമ്പിലും മറ്റ്

സമ്മാനങ്ങളും ലഭിക്കും.അലി അത് കാര്യമാക്കുന്നില്ല .അവൻ മൂന്നാം സമ്മാനമാണ് നേടാനാണ് ആഗ്രഹിക്കുന്നത് കാരണം സമ്മാനം ഒരു ജോഡി ഷൂ ആണ്. അത് അലിക്ക് സഹോദരിക്ക് നൽകാം




ചിൽഡ്രൻ ഓഫ് ഹെവൻ ഒരു സന്തോഷം ഇല്ലാത്ത വീടിനെ പറ്റിയുള്ള കഥയാണ് .വഴക്കിടാത്ത ഒരു സഹോദരനും സഹോദരിയും .ഏതൊരു കുട്ടിക്കും തിരിച്ചറിയാൻ കഴിയുന്ന സാഹചര്യങ്ങളാണ് ഈ സിനിമയിലൂടനീളം പറയുന്നത് .1997 ൽ റിലീസ് ആയി ആ വർഷം തന്നെ എ എഫ് ഐ ഗ്രാൻഡ് ജൂറി പ്രൈസ്, രണ്ടായിരത്തിൽ കോണ്ടും അവാർഡ് ഫോർ ബെസ്റ്റ് ഫിക്ഷണൽ ഫിലിം1999 റിലീസ് ആയി ഒരു വർഷം തന്നെ എ എഫ് ഐ അക്കാദമി അവാർഡ് ഫോർ ബെസ്റ്റ് ഇൻറർനാഷണൽ ഫീച്ചർ ഫിലിം എന്നീ അവാർഡ് നോമിനേഷനുകളായി എന്ന സിനിമയാണിത്. ഒരു മണിക്കൂറും 23 മിനിറ്റും നീളമുള്ള ഒരു നല്ല സിനിമയാണ് ചിൽഡ്രൻ ഓഫ് ഹെവൻ.

**ആദിലക്ഷ്മി 9എഫ്**





നഹാന

# പ്രകൃതി

കാടും പുഴകളും താഴ്‌വരകളും
കാണുന്നു ഞാനുമെൻ പ്രകൃതിയിൽ
കളകളം  പാടും അരുവികളും
താളത്തിൽ വീശും പൂങ്കാറ്റും
വാനിൽ നിന്നും വിതറിടുന്ന
മുത്തുകളുംമഴത്തുള്ളികളും
പച്ചവിരിപ്പിട്ട പാടങ്ങളും
പൂക്കൾ നിറഞ്ഞൊരു പൂവനവും
നേരം പുലരുമ്പോൾ പുഞ്ചിരി
തൂകി കൊണ്ടോടി വരുന്നൊരു മാർത്താണ്ഡനും
സൂര്യനുദിച്ചിടും മുൻമ്പെഴുന്നേറ്റിട്ട്
പാടി രസിക്കും പക്ഷികളും
വലിയ മരങ്ങൾ നിറഞ്ഞു
നിൽക്കുന്നൊരു വന്യവനവുമിവിടെയുണ്ട്
വലിയ വനത്തിൽ താമസമാക്കുന്ന
വന്യമൃഗങ്ങളും ഇവിടെയുണ്ട്
ഇത്രയും ഭംഗിയുള്ള ഒരു പ്രകൃതിയേ
കാണുമ്പോൾ എൻ മനം കുളിർന്നിടുന്നു
അറിയാതെ യന്മനം കുളിർന്നിടുന്നു





# ചങ്ക് പിളർക്കുന്ന മുദ്രാവാക്യം

സഫ എം

നാളെ ഈ  പീതപുഷ്പങ്ങൾ കൊഴിഞ്ഞിടും
പാതയിൽ നിന്നെ തിരഞ്ഞിറങ്ങും
കൊല്ലപരീക്ഷയെത്താറായി സഖാവേ
കൊല്ലം മുഴുക്കെ ജയിലിലാണോ?

കൊല്ലപരീക്ഷയെത്താറായി സഖാവേ
കൊല്ലം മുഴുക്കെ  ജയിലിലാണോ
നാളെ ഈ പീതപുഷ്പങ്ങൾ കൊഴിഞ്ഞിടും
പാതയിൽനിന്നെ തിരഞ്ഞിറങ്ങും


എൻറെ ചില്ലയിൽ വെയിലിറങ്ങുമ്പോൾ
എന്തുകൊണ്ടോ പൊള്ളിട്ടുന്നിപ്പോൾ
താഴെ നീയുണ്ടായിരുന്നപ്പോൾ
ഞാനറിഞ്ഞില്ല  വേനലും വെയിലും

നിന്റെ ചങ്ക് പിളർക്കുന്ന മുദ്രാവാക്യ-
മില്ലാത്ത മണ്ണിൽ മടുത്തു ഞാൻ
നാളെ ഈ പീതപുഷ്പങ്ങൾ കൊഴിഞ്ഞീടും
പാതയിൽ നിന്നെ തിരഞ്ഞിറങ്ങും

കൊല്ല പരീക്ഷയെത്താറായി സഖാവേ
കൊല്ലംമുഴുക്കെ ജയിലിലാണോ

എത്ര കാലങ്ങളായി ഞാനീയിട
ത്തെത്ര പൂക്കാലമെന്നെ തൊടാതെ പോയി
നിന്റെ കൈപ്പട നെഞ്ചിൽ പടർന്ന നാൾ
എന്റെ വേരിൽ പൊടിഞ്ഞു വസന്തവും

നാളെ ഈ  പീതപുഷ്പങ്ങൾ കൊഴിഞ്ഞിടും
പാതയിൽ നിന്നെ തിരഞ്ഞിറങ്ങും
കൊല്ലപരീക്ഷയെത്താറായി സഖാവേ
കൊല്ലം മുഴുക്കെ ജയിലിലാണോ?



# പ്രകൃതി ദുരന്തങ്ങൾ



ജെറോം

പ്രകൃതി ദുരന്തങ്ങൾ മനുഷ്യർക്ക് വളരെ പ്രയാസങ്ങൾ ഉണ്ടാക്കിയിട്ടുണ്ട് .ദുഃഖങ്ങൾ മനുഷ്യ ജീവിതത്തിൽ വളരെ സാധാരണമാണ്. പക്ഷേ വെള്ളപ്പൊക്കം എന്ന മഹാദുരിതം കേരളീയ മനുഷ്യരെ വളരെ ബുദ്ധിമുട്ടിച്ചിട്ടുണ്ട്. 2018 നടന്ന പ്രളയം കേരളത്തിൽ വരുത്തി വെച്ചിട്ടുള്ള ഏറ്റവും മാരകമായ ഒന്നാണ് . ജില്ലകളിലെയും പലതരം ജീവജാലങ്ങൾ ഒറ്റപ്പെട്ടുപോയി സ്വന്തമായി ഭക്ഷണം സ്വരൂപിക്കാൻ പോലും നിവൃത്തിയില്ലാതെ ആ മൃഗങ്ങൾ അനേക ദിവസങ്ങൾ പട്ടിണി കിടന്നു. മഹാപ്രളയത്തിലും ഉരുൾപൊട്ടലിലും പശുക്കൾ ഉൾപ്പെടെ 169 കന്നുകാലികൾ ചത്തൊടുങ്ങി.ഈ ഇനത്തിൽ 19 പോയിന്റ് 5 കോടിയുടെ നഷ്ടം കണക്കാക്കുന്നു.പന്നി കോഴി താറാവ് എന്നിവയുടെ നാശം 77.94 കോടി രൂപയുടേതാണ്. പ്രദേശത്തും മറ്റും നിർത്താതെ മഴ മൂലം ഇടുക്കി ഡാമിലെ ജലനിരപ്പ് ഉയർത്തുകയും ഡാമിൻറെ 5 ഷട്ടറുകൾ ചരിത്രത്തിൽ ആദ്യമായി തുറക്കുകയും ചെയ്തു .കേരള ചരിത്രത്തിലെ ആദ്യമായാണ് 35 ഡാമുകൾ ഒരുമിച്ച് തുറന്നത് .

വയനാട്ടിൽ മഴയും വ്യാപകമായ നാശനഷ്ടം വിതച്ചു. യാത്ര തടസ്സപ്പെട്ടു 330ലധികം പേർ കൊല്ലപ്പെടുകയും 10 ലക്ഷത്തി പരം ആളുകൾ മാറ്റിപ്പാർപ്പിക്കുകയും ചെയ്തു. സംസ്ഥാനത്തെ കർഷകരുടെ ജീവിതത്തിനു മേൽ ദുരന്തം കരിനിഴൽ വീഴ്ത്തിയ വർഷമാണ് 2018 എന്ന് പറയാം. അതിവർഷത്തിന് അകമ്പടിയായി എത്തിയ ശക്തമായ കാറ്റ് ഉരുൾപൊട്ടലും മണ്ണിടിച്ചിലും അനേകം കർഷകരുടെ ജീവനെടുക്കുകയും അവരുടെ ജീവനോപാധികൾ പൂർണമായി ഇല്ലാതാക്കുകയും ഭാവിജീവിതം ചോദ്യചിഹ്നമാക്കുകയും ചെയ്തു .പച്ചക്കറി വാഴ നെല്ല് കപ്പ നാണ്യവിളകൾ തുടങ്ങി അതിവർഷത്തിൽ നശിക്കാത്ത യാതൊരു വിളകളും സംസ്ഥാനത്ത് ഇല്ല,

ഏറ്റവും കൂടുതൽ നാശനഷ്ടം ഉണ്ടായത് നെല്ല് വാഴ തുടങ്ങിയ വിളകൾക്ക് ആയിരുന്നു കതിരണിഞ്ഞ ഏക്കർ കണക്കിന് വയലേലകൾ കുത്തിയൊഴുകിയെത്തിയ മലവെള്ളത്തിൽ മുങ്ങിപ്പോയി കുട്ടനാട്ടിലും അപ്പർ കുട്ടനാടൻ മേഖലയിലും മാത്രം ഏകദേശം10495 ഹെക്ടർ പ്രദേശത്തെ നെൽകൃഷി നശിച്ചതായി കണക്കാക്കപ്പെടുന്നു വെള്ളം വറ്റിക്കാൻ ഉപയോഗിച്ചിരുന്ന പമ്പ് സെറ്റുകൾ പോലും വെള്ളത്തിൽ മുങ്ങിപ്പോയി കുട്ടനാട് അപ്പർ കുട്ടനാട് മേഖലകളിലെ സകല പാടശേഖരങ്ങളും പ്രളയ ജലത്തിൻറെ പ്രഹരം ഏറ്റുവാങ്ങി ഇവിടുത്തെ ആകെയുള്ള 28 പഞ്ചായത്തുകളിൽ ഒറ്റ വയലിൽ പോലും നെൽകൃഷി അവശേഷിക്കുന്നില്ല വെള്ളപ്പൊക്കത്തിൽ കുട്ടനാടൻ മേഖലയിലെ പാടശേഖരങ്ങളിൽ മാത്രം ഏകദേശം 150 കോടി രൂപയുടെ നഷ്ടം സംഭവിച്ചുവെന്ന് കണക്കാക്കിയിരുന്നു

2018ലെ പ്രളയം ജനങ്ങളുടെ മനസ്സിൽ നല്ല സ്വാധീനം ചെലുത്തിയിട്ടുണ്ട് വ്യത്യസ്ത വംശങ്ങളിലും മതങ്ങളിലും കുടുംബങ്ങളിലും പെട്ട ആളുകൾ ഒരു മടിയും കൂടാതെ തങ്ങളെയും മറ്റുള്ളവരെയും പരിപാലിച്ചുകൊണ്ട് ഒത്തുകൂടുകയും സമാധാനത്തോടെ ജീവിക്കുകയും ചെയ്തു എല്ലാവരും ഒരുപോലെ സമാധാനത്തോടെ ഒന്നിച്ച് ഭരണ വ്യത്യാസം കൂടാതെ ജാതിയോ വിവേചനം കൂടാതെ ജീവിച്ചു.

# കഥാസാരം



ജെറോം

കച്ചവടക്കാരനും ഭൃതവും രസകരമാണെങ്കിലും മീൻപിടുത്തക്കാരന്റെ കഥയോട് താരതമ്യം ചെയ്യുമ്പോൾ ഈ കഥ എത്രയോ നിസ്സാരം എന്നിങ്ങനെ കഥ പറഞ്ഞ കഥ പറഞ്ഞു ആയിരത്തൊന്ന് രാവുകൾ കഥ പറഞ്ഞ് തന്റെയും നാട്ടിലെ



ദക്ഷദേവ്

പെണ്ണുങ്ങളുടെയും ജീവൻ രക്ഷിച്ച ഒരു കഥാപാരമ്പര്യം ലോക സാഹിത്യത്തിൽ ഉണ്ട് വ്യാധികളുടെ വാൾമുനയിലൂടെയുള്ള ജീവിത സഞ്ചാരത്തിൽ തിരിച്ചറിവുകളുടെയും ആഹ്ലാദങ്ങളുടെയും രസനീയമായ ഇടങ്ങളാണ് കഥ നൽകുന്നത്.

ഇന്ന് നാംഉപദേശിക്കുന്ന തരത്തിലുള്ള ചെറുകഥയെന്ന സാഹിത്യരൂപത്തിന്റെ തുടക്കം പത്തൊമ്പതാം നൂറ്റാണ്ടിൽ ആണെങ്കിലും അതിൻറെ വേരുകൾ പ്രാചീന കഥാസാഹിത്യത്തിൽ എങ്ങും ഉണ്ട് ഇസോപ്പ് കഥകൾ ബാബിലോണിയൻ കഥകൾ ബൈബിൾ പഴയ നിയമത്തിലെ കഥകൾ വേദ കഥകൾ ഉപനിഷത്ത് കഥകൾ വിക്രമാദിത്യ കഥകൾ തുടങ്ങിയവയിൽ ചെറുകഥയുടെ അടുത്ത് നിൽക്കും കഥകളുണ്ട് രാത്രികൾ ജെഫ്രി ചോസറുടെ കാനർബറി കഥകൾ തുടങ്ങിയവ ചെറുകഥയുടെ വളർച്ചയുടെ വ്യത്യസ്ത പടവുകളിൽ നിൽക്കുന്നു


ഭാനു



ഭാനു

കവിത

# സാങ്കേതികം



ശ്രീ. അനിൽകുമാർ കെ ബി

ചാറ്റ് ജി. പി.ടി.
പുതിയ വെളിപാടെന്ന്
പുതു തലമുറ...

തല മറന്നെണ്ണയരുതെന്ന്
പഴയ തലമുറ...

തലമുറകൾ തമ്മിലൊരാശയസമരം... !

പുതു സങ്കേതമിതു
സർഗാത്മകമെന്ന് പുതുമക്കാർ ...

തലയിലുദിക്കും പുതുസങ്കേതം
തടയരുതെന്നും
പുതുമക്കാർ...

തലയിലാശയമസ്തമിക്കാതെ
തുടരണമെന്നായ് പഴമക്കാർ...

പക്ഷമേതുചേരണം ....?
വിസ്മയം കൊൾകവേ

വെളിപാടുപോലൊരുത്തരം
മിന്നിടുന്നു മനസ്സിലും...!

"ചിന്തയാണടിത്തറ ;
ഭാവന പുതുസൗധവും "



# ജീവിതം പട്ടം പോലെ



ഷിഫ ഫാത്തിമ വി എസ്

ഒരിക്കൽ ഒരു കുട്ടി തന്റെ അച്ഛന്റെ കൂടെ പാർക്കിൽ പോയി. പലനിറങ്ങളിൽ ആകാശത്തിലൂടെ പറക്കുന്ന പട്ടങ്ങൾ കണ്ടപ്പോൾ മകൻ അച്ഛനോട് തനിക്കും ഒരു പട്ടം വാങ്ങിത്തരാമോ എന്ന് ചോദിച്ചു .അച്ഛൻ മകന് പട്ടം വാങ്ങി കൊടുത്തു .അവനാ പട്ടം ഉയരങ്ങളിലേക്ക് പറത്തി കളിച്ചു കുറച്ചു കഴിഞ്ഞപ്പോൾ കുട്ടി അച്ഛനോട് ചെന്ന് പറഞ്ഞു "അച്ഛാ, ഈ നൂല്ഇല്ലായിരുന്നെങ്കിൽഈ പട്ടം കൂടുതൽ ഉയരത്തിൽ പറന്നേനെ അതുകൊണ്ട് ഞാൻ ഇതിന്റെ നൂല് പൊട്ടിക്കും"

അച്ഛന്റെ മറുപടി കേൾക്കാൻ പോലും തയ്യാറാകാതെ അവൻ ആ പട്ടത്തിന്റെ നൂല് പൊട്ടിച്ചു. അവൻ വിചാരിച്ചത് പോലെ തന്നെ അത് കൂടുതൽ ഉയരങ്ങളിലേക്ക് പറന്നു. അവൻ അത് കണ്ടപ്പോൾ ഒരുപാട് സന്തോഷിച്ചു .പക്ഷേ കുറച്ച് സമയം കഴിഞ്ഞപ്പോൾ അത് ഒരു കെട്ടിടത്തിന്റെ മുകളിലേക്ക് പതിയെ വീണു പോയി. അവൻ തന്റെ അച്ഛനോട് ചോദിച്ചു "അച്ഛാ ,ഞാൻ കരുതിയത് നൂല് പൊട്ടിച്ചാൽ പട്ടം ഫ്രീയായി കൂടുതൽ ഉയരത്തിൽ പറക്കും എന്നാണ്. പക്ഷേ, അതെങ്ങനെയാണ് താഴെ വീണത് ? "അപ്പോൾ അച്ഛൻ മകനോട് പറഞ്ഞു "നിന്റെ പട്ടം കാറ്റിനെ മറികടന്ന് ഉയരത്തിൽ പറന്നത് അതിന്റെ നൂലിന്റെ സപ്പോർട്ട് ഉള്ളതുകൊണ്ടാണ് .നീ ആ നൂല് പൊട്ടിച്ചപ്പോൾ അതിന്റെ സപ്പോർട്ട് പോയി ".





ഈ പട്ടം പോലെ തന്നെയാണ് നമ്മുടെ ജീവിതവും നമ്മുടെ രക്ഷിതാക്കളുടെയും  അധ്യാപകരുടെയും കൂട്ടുകാരുടെയും സപ്പോർട്ട് ഉള്ളതുകൊണ്ടാണ് നാം ഉയരങ്ങളിൽ എത്തിച്ചേരുന്നത് ആ ഒരു സപ്പോർട്ട് വേണ്ട എന്ന് വിചാരിച്ചാൽ നാം ജീവിതത്തിൽ തോൽക്കും.

കുട്ടിക്കവിതകൾ

## ഭാവി



ശ്രീനന്ദന കെ എസ്

കാക്കാലത്തി ശീട്ട് നിരത്തി
കൂട്ടിലടച്ച കിളി ശീട്ടെടുത്തു
ഭൂതവും ഭാവിയും പറഞ്ഞു.
വർത്തമാനം പറയാൻ പറ്റിയില്ല
തൊട്ടപ്പുറത്ത് പൂച്ചയെന്ന ഭൂതം
ഭാവിയെ തിന്നുകയായിരുന്നു .



## മോഹം

പൂന്തേൻ കുടിക്കാൻ ചെറു വണ്ടി
നൊരു മോഹം
പൂമൊട്ടിടാൻ ചെറു ചെടിക്ക്
ഒരു മോഹം
പറന്നു പറന്ന് ആകാശത്ത്
എത്താൻ ചെറുപക്ഷിയ്ക്ക്
ഒരു മോഹം
നമുക്ക മോഹിക്കാൻ
പലതും പലവട്ടവും
പക്ഷേ
മോഹിച്ച മോഹിച്ച വെറുതെ
കാലം കളയരുത്





# സംസ്ഥാന ശാസ്ത്രോത്സവം




ഐ ടി മേള






## little kites 10th batch












# എന്റെ നാട്

അമ്മയായ മലയാളം
ആദ്യമെൻ നാവിൽ
ഉരുവിട്ട നാൾമുതൽ
അഭിമാനത്തേരിലേറിയൻ ജന്മം

അക്ഷരത്തിന്റെ ഏടുകൾ
കോരിയെടുത്ത
പച്ചപ്പിന്റെ വസന്തം
മഴവില്ല് തീർത്ത
മലയാളമാണ്എന്റെ നാട്

നാനാത്വത്തിൽ ഏകത്വമായ
മന്ത്രമെൻ കാതിലോതിയ
പൂർവികരുടെ ജന്മ യശസ്സിന്റെ
നാട് എന്റെ കേരളം






അലീന തോമസ്




## തിരുവനന്തപുരം SCERT യുടെ പാഠപുസ്തകങ്ങളിൽ ചിത്രങ്ങൾ വരയ്ക്കുന്ന ക്യാമ്പിലേക്ക്തിരഞ്ഞെടുക്കപ്പെട്ട അഞ്ചുകുട്ടികളിൽ ഒരാളായ ദക്ഷദേവ്













കവിത



ജെറോം

## കോവിഡ്



സ്വന്തമായുള്ളത് ജീവനാണ്

സൂക്ഷിച്ചില്ലെങ്കിൽ ആപത്താണ്

കൂടെയുള്ളതും സ്നേഹമാണ്

അന്ത്യം വരെയുള്ളതും
സ്നേഹമാണ്

സ്നേഹത്തിൻ തോണിയിൽ

അലകളായ് അടിക്കുകയാണ്

ഈ ദുരിതവും എത്രനാൾ

ഉണ്ടെന്നറിയുന്നില്ല

എത്ര കോപിച്ചിട്ടും ഗുണമില്ല

ജി വി എച്ച് എസ് എസ് മാനന്തവാടി ലിറ്റിൽ
കൈറ്റ്സ് ടീം സമർപ്പിക്കുന്ന .......

## "ക്ലിക്ക് ഓൺ"

വരകളുംവർണങ്ങളുമായി
അക്ഷരക്കൂട്ടങ്ങൾ ഡിജിറ്റലായി